"ഭരണഭാഷ – മാതൃഭാഷ"
വ്യാവസായിക പരിശീലനവകുപ്പ്
(കേരളസംസ്ഥാനം)

തൊഴിൽ ഭവൻ,
തിരുവനന്തപുരം

നമ്പർ:**DT/4504/2024-A1** തീയതി: **07-10-2024**

## ചുറ്ററിയിപ്പ്

വിഷയം:- വ്യാവസായിക പരിശീലന വകുപ്പ്–ട്രെയിനിംഗ് ഡയറക്ടറേറ്റ്–ജീവനക്കാര്യം-ഗസറ്റഡ് തസ്തികയിൽ വിരമിക്കുന്ന ഉദ്യോഗസ്ഥരുടെ ഡി.സി.ആർ.ജി റിലീസ് ചെയ്യുന്നത്–അവസാന മൂന്ന് വർഷ സേവന കാലയളവ് സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങൾ വിവരങ്ങൾ ലഭ്യമാക്കുന്നത്- സംബന്ധിച്ച്.

സൂചന:- സീനിയർ ഫിനാൻസ് ഓഫീസറുടെ **12.9.2024**ലെ **DT/4156/2024-D3** നമ്പർ യു.ഒ നോട്ട്

ഗസറ്റഡ് തസ്തികയിൽ നിന്നും വിരമിക്കുന്ന ജീവനക്കാരുടെ പെൻഷൻ ആനുകൂല്യങ്ങൾ റിലീസ് ചെയ്യുന്നതിന് മുന്നോടിയായി ടി ജീവനക്കാർ അവസാന മൂന്ന് വർഷ കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്തി ബാധ്യത എന്തെങ്കിലും ഉണ്ടോയെന്ന് പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതുണ്ട്. ആഡിറ്റ് നടപടികൾ സ്വീകരിക്കുന്നതിനുവേണ്ടി ടി ജീവനക്കാരുടെ അവസാന മൂന്ന് വർഷസേവനകാലയളവ് ആവശ്യപ്പെടുമ്പോൾ പല സ്ഥാപനങ്ങളിൽ നിന്നും തെറ്റായ വിവരമാണ് നൽകി വരുന്നത് . തെറ്റായ വിവരം ലഭിക്കുന്നത് മൂലം ആഡിറ്റ് നടപടി യഥാസമയം പൂർത്തിയാക്കി ഡി.സി.ആർ.ജി റിലീസ് ചെയ്യാൻ കാലതാമസം ഉണ്ടാകുന്ന സാഹചര്യമാണ് നിലവിലുള്ളത്.

മേൽ സാഹചര്യത്തിൽ **31.12.2025** വരെ ഈ വകുപ്പിൽ നിന്നും ഗസറ്റഡ് തസ്തികയിൽ വിരമിക്കുന്ന ഉദ്യോഗസ്ഥർ, അവസാന മൂന്ന് വർഷ പീരീഡിൽ ജോലിചെയ്തിരുന്ന സ്ഥാപനങ്ങൾ, കാലയളവ് എന്നിവ ലഭിക്കുന്നതിനായി ചുവടെ പറയുന്ന പ്രൊഫോർമയിൽ ഒരു ഗൂഗിൾ ഷീറ്റ്

തയ്യാറാക്കി **dtestablishment@gmail.com** എന്ന മെയിൽ ഐഡിയിൽ നിന്നും എല്ലാ സ്ഥാപന മേധാവികൾക്കും ഷെയർ ചെയ്തിട്ടുണ്ട്.

| ക്രമ നമ്പർ | സ്ഥാപനത്തിന്റെ പേര് | **31 .12 .2025** വരെ കാലയളവിൽ ഗസറ്റഡ് തസ്തികയിൽ വിരമിക്കുന്ന ഉദ്യോഗസ്ഥന്റെ പേര് | നിലവിലത്തെ തസ്തിക | വിരമിക്കുന്ന തീയതി | അവസാന മൂന്നു വർഷ സേവനകാലയളവിൽ സേവനമനുഷ്ഠിച്ചിരുന്ന സ്ഥാപനങ്ങളുടെ പേര് , വഹിച്ചിരുന്ന തസ്തിക(ഗസറ്റഡ് / നോൺ ഗസറ്റഡ്), കാലയളവ് |
|---|---|---|---|---|---|
| **1** | **2** | **3** | **4** | **5** | **6** |
| | | | | | |

ടി ഗൂഗിൾ ഷീറ്റ് **11.10.2024** ന് മുൻപ് തന്നെ അപ്ഡേറ്റ് ചെയ്യേണ്ടതാണ്. **അവസാന മൂന്ന് വർഷത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവ് ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാക്കി കൃത്യതയോടെ രേഖപ്പെടുത്താൻ എല്ലാ സ്ഥാപനമേധാവികളും ശ്രദ്ധിക്കേണ്ടതാണ്.** **ടി കാലയളവിൽ വിരമിക്കുന്ന ഗസറ്റഡ് തസ്തികയിലുള്ള ജീവനക്കാർ ഇല്ലായെങ്കിൽ കോളം നമ്പർ "3" ൽ "NIL" എന്ന് രേഖപ്പെടുത്തേണ്ടതാണ്.**

***ഗസറ്റഡ് തസ്തികയിൽ വിരമിക്കുന്ന ജീവനക്കാരുടെ വിവരം മാത്രം ടി ഗൂഗിൾ ഷീറ്റിൽ രേഖപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതാണ്.***

**ജോയിന്റ് ഡയറക്ടർ ഓഫ് ട്രെയിനിംഗ്**

സ്വീകർത്താവ്

എല്ലാ സ്ഥാപനമേധാവികൾക്കും

Signed by
Shammi Baker A
Date: 07-10-2024 16:50:32